പ്രൊട്ടക്ടഡ് അദ്ധ്യാപകർ

119 (1429) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ട് ;

(ബി) ഇവരിലാർക്കെങ്കിലും ഡ്യൂട്ടി ചെയ്യാതെ ശമ്പളം നൽകുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(ഡി) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ ഗവൺമെന്റ് സ്കൂളുകളിലോ പ്രൈവറ്റ് സ്കൂളുകളിലോ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കാറുണ്ടോ ;

(ഇ) പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് വേണ്ടി ഒരു വർഷം എന്ത് ചെലവുണ്ടാകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-02 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 5053 പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ട്. അതിന് ശേഷമുള്ള പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) 800 പേർക്ക്.

(ഡി) ഉണ്ട്.

(ഇ) പുനർ വിന്യസിക്കപ്പെടാതെ നിൽക്കുന്ന 800 അദ്ധ്യാപകർക്ക് വേണ്ടി പ്രതിവർഷം ഏകദേശം 5,39,52,000 രൂപ ചെലവാകുന്നുണ്ട്.

കോർപ്പറേറ്റ് മാനേജ്മെന്റ് ഹൈസ്കൂളുകളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർ

120 (1430) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈസ്ക്കൂളുകൾ ഉള്ള എത്ര കോർപ്പറേറ്റ് മാനേജ്മെന്റുകളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ അദ്ധ്യാപകരെ പ്രൊട്ടക്ടഡ് അദ്ധ്യാപകരായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര പേരെ ;

(ഡി) ആ മാനേജ്മെന്റിന്റെ കീഴിലുണ്ടാകുന്ന ഒഴിവുകളിൽ അവരെ നിയമിക്കുമോ ; ഇല്ലെങ്കിൽ എന്ത് കൊണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹൈസ്ക്കൂളുകൾ നടത്തുന്ന 81 കോർപ്പറേറ്റ് മാനേജ്മെന്റുകൾ നിലവിലുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കോർപ്പറേറ്റ് മാനേജ്മെന്റുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പ്രസ്തുത മാനേജ്മെന്റിൽ നിന്നും പുറത്താകുന്നവരെയാണ് നിയമിക്കുന്നത്.

പ്ലസ് ടൂ അനുവദിച്ച സ്കൂളുകൾ

121. (1431) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് ഇവ ഓരോന്നിലും എത്ര വീതമുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ഏതൊക്കെ മേഖലയിലാണ് കൂടുതൽ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 324 സ്കൂളുകളിൽ അൺഎയ്ഡഡ് പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചു.

(ബി) ഗവൺമെന്റ് - ഇല്ല.
എയ്ഡഡ് - ഇല്ല.
അൺ എയ്ഡഡ് 324.

(സി) ഇതു സംബന്ധിച്ച് വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly